4. ഇപ്പോഴത്തെ വർദ്ധനവിലൂടെ കിട്ടുന്ന അധിക വരുമാനം ശമ്പളത്തിനും ഇന്ധനത്തിനും സ്പെയർ പാർട്സിനും വേണ്ടി വരുന്ന അധിക ചെലവിനു പോലും തികയുന്നില്ല. ആയതിനാൽ മുൻപുണ്ടായിരുന്ന നഷ്ടം അതേപടി നില നിൽക്കും. റവന്യൂ വരുമാനത്തിൽ 10 ശതമാനം (50 കോടിരൂപ) വർദ്ധനവുണ്ടാക്കി അതു നികത്താനാവും. അതിനുവേണ്ടി "ഇൻസ്പെക്ഷൻ ഇൻഡൻസിഫിക്കേഷൻ" നടത്തും.

5. നോൺ ഓപ്പറേഷണൽ റവന്യൂ വർദ്ധിപ്പിക്കുവാനും കിട്ടാക്കടം എത്രയുംവേഗം വാങ്ങാനും ഊർജ്ജിതശ്രമം നടത്തുന്നതാണ്. അതിനു പുറമേ കോർപ്പറേഷന്റെ വിവിധ സ്ഥലങ്ങളിലുള്ള വസ്തുക്കളിൽ (ബിൽഡ് ഓപ്പറേറ്റഡ് ആന്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ കമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിച്ച് ബജറ്റ് യൂട്ടിലൈസേഷൻ നടത്തി വരുമാനം വർദ്ധിപ്പിക്കും. ഈ കോംപ്ലക്സുകളിൽ യാത്രക്കാർക്കും ക്രൂവിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തും.

6. മുപ്പതിനായിരത്തോളം ജീവനക്കാർക്കുള്ള കെ. എസ്. ആർ. ടി. സി.-യിൽ (എച്ച്. ആർ. ഡി.)"എച്ച് ആർഡി"-ക്കു വേണ്ട അർഹമായ പ്രാധാന്യം നൽകി അവരുടെ ആത്മവീര്യവും കാര്യക്ഷമതയും കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കും.

7. അച്ചടക്കത്തിനും അഴിമതിരാഹിത്യത്തിനും പ്രാധാന്യം നൽകുന്നതിനോടൊപ്പം തന്നെ 2000-മാണ്ട് "ഈയർ ഓഫ് കോർട്ടസി" ആയി പ്രഖ്യാപിച്ച് യാത്രക്കാരോടുള്ള പെരുമാറ്റത്തിലും ബസിന്റെ സമയനിഷ്ഠയിലും കെ. എസ്. ആർ. ടി. സി.-യെ ഒരു മാതൃകാസ്ഥാപനമാക്കി മാറ്റും.

കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റോപ്പുകൾ

85 (1140) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ രാത്രി 10 മണിക്കുശേഷം യാത്രക്കാർ ആവശ്യപ്പെടുന്ന സ്റ്റോപ്പില്ലാത്ത പ്രധാന സ്ഥലങ്ങളിൽ നിറുത്തിക്കൊടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നാഷണൽ ഹൈവേകളിലേയും എം. സി. റോഡിലേയും "പ്രധാനസ്ഥലങ്ങൾ" ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) മിക്ക ജീവനക്കാരും ഈ വ്യവസ്ഥയെപ്പറ്റി അജ്ഞരാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നേരത്തെയുണ്ടായിരുന്നതുപോലെ ബസ് സ്റ്റേഷനുകളിൽ ഇതു സംബന്ധിച്ച് ബോർഡുകൾ സ്ഥാപിക്കുമോ ;

(ഇ) ജീവനക്കാരും മറ്റും ഇക്കാര്യത്തിൽ അജ്ഞരായതുകൊണ്ട് പത്ര മാധ്യമങ്ങളിൽ കൂടി പുതുതായി ഇതിന് അറിയിപ്പ് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാസ്റ്റ് പാസഞ്ചർ ബസിനുള്ള സ്റ്റോപ്പുകൾ എല്ലാം പ്രധാന സ്റ്റോപ്പുകളായി കണക്കാക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) ബസ് സ്റ്റേഷനുകളിൽ ഇതുവരേയും ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.

(ഇ) പത്രമാധ്യമങ്ങളിൽക്കൂടി ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുള്ള ധനസഹായം

86 (1141) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ബസുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. ക്ക് എവിടെ നിന്നെല്ലാം ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് തുക ലഭിക്കുന്നത് ;

(സി) എത്ര വർഷം കൊണ്ടാണ് ഈ തുക ഓരോന്നും തിരിച്ച് നൽകേണ്ടത് ;

(ഡി) ഈ ധനസഹായവും പലിശയും ചേർത്ത് തിരിച്ചടയ്ക്കുമ്പോൾ എന്തു തുക നൽകേണ്ടതായി വരും ?

ഉത്തരം

(എ) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ട്.

(ബി) 15¼ ശതമാനം പലിശ നിരക്കിൽ 300 ആഴ്ചകളിലായി മുതലും പലിശയും കൂടി തിരിച്ചടയ്ക്കണമെന്നാണ് കെ.ടി.ഡി.എഫ്.സി.യുടെ ഇപ്പോഴത്തെ വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly